بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 06/11/2015

(23 MUHARRAM 1437 HIJRI)

Hazrat Khalifathullah Munir Ahmad Azim (A)

## SERVICE TO HUMANITY / മാനവ സേവനം

### PART 4

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം, മാനവസേവനം എന്ന വിഷയത്തിന്റെ നാലാം ഭാഗത്തിലേക്ക് പ്രവേശിച്ചു.

അല്ലാഹുവിന്റെ അതിമഹത്തായ അനുഗ്രഹത്താൽ മാനവസേവനം എന്ന വിഷയം ഞാൻ തുടരുകയാണ്. അബൂഹുറൈറ (റ) റിപ്പോർട്ട് ചെയ്ത ഒരു ഹദീസിൽ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) പറഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നു. **"അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരാൾ തന്റെ അയൽവാസിക്ക് ബുദ്ധിമുട്ട് വരുത്തരുത്. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരാൾ തന്റെ അതിഥിയെ മാന്യമായി സ്വീകരിക്കേണ്ടതാണ്. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർ നല്ലതുമാത്രം സംസാരിക്കേണ്ടതാണ്. അല്ലെങ്കിൽ നിശ്ശബ്ദത പാലിക്കേണ്ടതാണ്. (അർത്ഥശൂന്യമായ സംസാരത്തിൽ നിന്നും എല്ലാ മോശമായ കാര്യങ്ങളിൽ നിന്നും മാറി നിൽക്കേണ്ടതാണ്.)"** ബുഖാരി.

അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന കാര്യം എടുത്തു പറഞ്ഞുകൊണ്ട് പ്രവാചകർ(സ) മൂന്ന് ഉപദേശങ്ങളാണ് നൽകുന്നത്. ഈ മൂന്നു ഉപദേശങ്ങൾക്കിടയിൽ മറ്റ് വാക്കുകൾ ഒന്നും തന്നെ കൂട്ടിചേർത്തതുമില്ല. അല്ലാഹുവിന്റെ ഗ്രന്ഥങ്ങളിലുള്ള വിശ്വാസം, പ്രവാചകന്മാരിലുള്ള വിശ്വാസം, തുടങ്ങി ഇസ്ലാമിന്റെ മറ്റ് അടിസ്ഥാന കാര്യങ്ങളെയും വിശ്വാസങ്ങളെയും പറ്റി പ്രതിപാദിച്ചില്ല. അതൊന്നും പ്രതിപാദിക്കാതെ ആദ്യത്തെയും അവസാനത്തെയും മാത്രമാണ് എടുത്തു പറഞ്ഞത്. (അന്ത്യദിനത്തിലെ വിശ്വാസം)

നിശ്ചയമായും അല്ലാഹുവിനെപ്പറ്റി പറയുമ്പോൾ, പ്രവാചകർ, അതിന്റെ ആരംഭം അതാണെന്ന് സൂചിപ്പിക്കുന്നു. നിശ്ചയം അല്ലാഹുവാണ് മനുഷ്യന് എല്ലാവിധ ആത്മീയ ഭൗതിക അനുഗ്രഹങ്ങളും നൽകിയിരിക്കുന്നത്. അവന് ആവശ്യമുള്ളതെല്ലാം അല്ലാഹുവിൽ നിന്നാണ് അവൻ സ്വീകരിക്കുന്നത്. അല്ലാഹുവാണ് അവന് കണ്ണുകൾ കൊടുത്തത്, മൂക്ക് നൽകിയത്, അവന്റെ ആരോഗ്യം നൽകിയത്, അവന്റെ വിഭവങ്ങൾ നൽകിയത്. ഏറ്റവും സംക്ഷിപ്തമായ ആശയാവിഷ്ക്കരണം നൽകിയത്. അവന്റെ ദൈനംദിന ജീവിതത്തിന് ഈ ലോകത്തിന് ആവശ്യമായതെല്ലാം നൽകിയത് അവനാണ്. ചിന്തിക്കാൻ കഴിയാത്ത സാഹചര്യങ്ങളിലൂടെയും സാധനങ്ങളിലൂടെയും, ഈ അനുഗ്രഹങ്ങളെല്ലാം എവിടെ നിന്ന് വരുന്നു എന്ന് അവന് യഥാർത്ഥത്തിൽ മനസ്സിലാകുന്നതു പോലുമില്ല. (അവന് ലഭ്യമാകുന്ന അനുഗ്രഹങ്ങളുടെ ഉറവിടം എവിടെ നിന്നാണെന്ന് അവൻ ഇപ്പോഴും അജ്ഞൻ തന്നെയാണ്.) ആയതിനാൽ പ്രവാചകൻ (സ) പറഞ്ഞു. "നിങ്ങൾക്ക് അല്ലാഹുവിൽ വിശ്വാസം ഉണ്ടായാൽ, അല്ലാഹുവാണ് ഈ നന്മകളെല്ലാം നിങ്ങൾക്ക് നൽകുന്നതെന്ന് നിങ്ങൾക്ക് ഉറപ്പുണ്ടായാൽ, ഈ അനുഗ്രഹങ്ങളെല്ലാം നൽകിക്കൊണ്ടിരിക്കുന്നതെന്ന് മനസ്സിലായാൽ, അതിനെ തുടർന്ന് വിധിനാളിനെക്കുറിച്ചുള്ള ദൃഢ വിശ്വാസം ഉണ്ടായി വന്നാൽ, അപ്പോൾ ഈ രണ്ട് വിശ്വാസങ്ങൾക്കിടയിൽ അഗാധമായ ഒരു ബന്ധം അവിടെ ഉണ്ടായി വരും. അല്ലാഹുവും അവന്റെ പ്രവാചകനും (സ) എല്ലാ ജനങ്ങൾക്കുമുള്ള ഒരു മുന്നറിയിപ്പ് എന്ന നിലയിൽ ഇത് വച്ചിരിക്കുകയാണ്. അല്ലാഹു (ത) മനുഷ്യന് ജീവൻ നൽകി ജീവിതം നൽകി ഇനി അവനെ മരിപ്പിക്കും. അപ്പോൾ അവന് വിധി നാളിനെക്കുറിച്ച് ജീവിച്ചിരിക്കുമ്പോൾ അവന് വിശ്വാസമില്ലെങ്കിൽ അവൻ ഒരാളോട് നല്ല നിലയിൽ വർത്തിച്ചാലെന്ത് ? ഇല്ലെ

ക്കിലെന്ത് ? അവൻ നല്ല നിലയിൽ വർത്തിക്കണം എന്ന് ഉണർത്തുകയാണ് ! വിധി നാളിനെ നേരിടേണ്ടി വരും എന്നുണർത്തുകയാണ്. നിങ്ങൾ ഒരാൾക്ക് നന്മ ചെയ്തു. അയാൾ ഒരിക്കലും നിങ്ങളുടെ മുമ്പിൽ പിന്നീട് വരുന്നതുമില്ല. നിങ്ങൾ അദ്ദേഹത്തിന് നൽകിയ അനുഗ്രഹങ്ങളെക്കുറിച്ച് അയാൾ ഓർക്കുന്നതു പോലുമില്ല. അതുകൊണ്ടാണ് ഹസ്രത് മുഹമ്മദ് (സ) അല്ലാഹുവിലുള്ള വിശ്വാസത്തോടൊപ്പം വിചാരണ ദിനത്തിലെ വിശ്വാസത്തെയും കുറിച്ച് ഒരുമിച്ച് ഓർമപ്പെടുത്തുന്നത്. അതുകൊണ്ടാണ് പറയുന്നത് അല്ലാഹു(ത) അവന് ചെയ്ത അനുഗ്രഹങ്ങളെക്കുറിച്ച് ഒരുവൻ ഓർക്കുകയാണെങ്കിൽ, അതേ സമയം മരണശേഷമുള്ള ജീവിതത്തെയും വിചാരണ ദിനത്തെയും അവൻ യഥാർത്ഥത്തിൽ വിശ്വസിക്കുന്നുവെങ്കിൽ, അപ്പോൾ, ആ സമയം മുതൽ, അല്ലാഹു (ത) അവന്റെമേൽ ചൊരിയുന്ന അനുഗ്രഹങ്ങളെ അവൻ അവഗണിക്കുകയില്ല. കാരണം അവനറിയാം അവൻ ഈ അനുഗ്രഹങ്ങൾക്കെല്ലാം വിചാരണ ദിനത്തിൽ കണക്ക് ബോധിപ്പിക്കേണ്ടി വരുമെന്ന്.

ആയതിനാലാണ് ഹസ്രത് മുഹമ്മദ് (സ) വളരെ സത്യമായ ഒരു യാഥാർത്ഥ്യം നമ്മെ ഓർമ്മപ്പെടുത്തുന്നത്, നാമെല്ലാം അല്ലാഹുവിന്റെ മുമ്പിൽ ഒരിക്കൽ ഹാജരാകേണ്ടി വരും, അവൻ നമ്മുടെ ഓരോരുത്തരുടെയും മേൽ ചൊരിഞ്ഞ ഓരോ തുള്ളി അനുഗ്രഹത്തിന്റെയും കണക്ക് സമർപ്പിക്കേണ്ടി വരും! അല്ലാഹുമായുള്ള ഈ കണക്കിടപാട്, അല്ലാഹു (ത) ഇത് നമ്മുടെ ദുർബലമായ മനസ്സിന്റെ തോന്നലുകൾക്കനുസരിച്ച് നടത്തപ്പെടുകയില്ല. അവൻ നൽകിയ അനുഗ്രഹങ്ങളിൽ നിന്ന് എന്ത് അവന് തിരിച്ചു നൽകിയെന്നും ചോദിക്കുകയില്ല. എന്നാൽ അവൻ വിലയിരുത്തൽ നടത്തുന്നത് ഇപ്രകാരമാണ്. അതായത് നിങ്ങൾ അവന്റെ ദാസന്മാർക്ക് എന്ത് നൽകി; വിശ്വാസികൾക്കും അവിശ്വാസികൾക്കും നിങ്ങളിൽ നിന്ന് എന്ത് പ്രയോജനങ്ങൾ ലഭിച്ചു? (ഭൂമിയിൽ നിന്നും ധനമെന്ന നിലയിൽ) നിങ്ങൾക്ക് കിട്ടിയതിൽ നിന്നും ! ആയതിനാൽ, യഥാർത്ഥ വിശ്വാസികൾ ഭൂമിയിലെ സകല പ്രവർത്തനങ്ങൾക്കും കണക്ക് ബോധിപ്പിക്കേണ്ടി വരുമെന്ന് അവർ ചിന്തിക്കുമ്പോൾ, അവരുടെ അയൽവാസികളെ ഒരു രീതിയിലും അവർ ഉപദ്രവിക്കുകയില്ല! എന്നാൽ എന്തുകൊണ്ടാണ് ജമാഅത്ത് അഹ്മദിയ്യാ, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ അംഗങ്ങൾക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് ? അവർ ദൈവീക ദൃഷ്ടാന്തത്തിൽ വിശ്വസിച്ചതിന്റെ പേരിലോ ? അതോ താൻ അല്ലാഹുവിൽ നിന്നും വന്നതാണെന്ന് പ്രഖ്യാപിച്ച ഒരാളിൽ വിശ്വസിച്ചതിന്റെ പേരിലോ ? അദ്ദേഹത്തിന് ദൈവീക വെളിപാടുകൾ ലഭിക്കുന്നു. മതത്തെ നവീകരിക്കുന്നു. ഈ മുല്ലാക്കളുടെ കാലടികളിൽ നിന്ന് ദീനിനെ രക്ഷിക്കുന്നു! ഈ മുല്ലാക്കളാണ് അഹ്മദികൾക്ക് നിർദ്ദേശം നൽകിയിരിക്കുന്നത്. ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങളോട് സംസാരിക്കരുത്, സലാം പറയരുത്, പൂർണ്ണമായും നിസ്സഹകരിക്കണം. രക്തബന്ധങ്ങളെ മുറിച്ചു കളയണം തുടങ്ങിയവ. ഒരു ഖലീഫയാൽ നേതൃത്വം നൽകപ്പെടുന്ന, ഒരു സംഘം ഈ ലോകത്തെ ഇസ്ലാമിലേക്ക് നയിക്കേണ്ടത് ഇപ്രകാരമാണോ ? ഈ മാനസിക നിലവാരത്തിലാണ്, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ എല്ലാ പ്രവർത്തനങ്ങളെയും തടസ്സപ്പെടുത്തുവാൻ അവർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്! ഇതിലെ അംഗങ്ങൾ ഈ ദൈവീക ദൃഷ്ടാന്തത്തെ ഉപേക്ഷിക്കുവാൻ അവരാൽ കഴിയുന്നതെല്ലാം ചെയ്തുകൊണ്ടിരിക്കുന്നു. അവർ വിചാരിക്കുന്നുണ്ടോ? വിചാരണ ദിനത്തിൽ അവരുടെ ഈ പ്രവർത്തികളെല്ലാം ഒഴിവാക്കപ്പെടുമെന്ന് ? ജമാഅത്തു അഹ്മദിയായെ അഭിസംബോധന ചെയ്ത് ഖലീഫത്തുല്ലാഹ് പറഞ്ഞു. ''നിങ്ങൾ സ്വയം ഒരു ഉന്നത സംഘമാണ് എന്ന് കരുതുന്നുവെങ്കിൽ, സ്വർഗ്ഗത്തിലേക്കുള്ള വിസായും നിങ്ങൾ നൽകുന്നുവെങ്കിൽ അല്ലെങ്കിൽ എല്ലാ അഹ്മദികൾക്കും സ്വർഗ്ഗത്തിലേക്കുള്ള പ്രവേശനം ഉറപ്പു നൽകുന്ന അംബാസഡർമാർ നിങ്ങളാണ് എന്നു കരുതുന്നെങ്കിൽ, നിങ്ങൾ സസൂക്ഷ്മം ചിന്തിക്കേണ്ടതുണ്ട്, നിങ്ങളുടെ പള്ളികളിലും ബാഡ്ജുകളിലും മറ്റും എഴുതി വെച്ചിരിക്കുന്ന വചനത്തെക്കുറിച്ച് ''എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് !'' നിശ്ചയമായും ഈ മോട്ടോ ജനങ്ങളുടെ മുമ്പിൽ പ്രദർശിപ്പിക്കുവാൻ മാത്രമുള്ളതാണ്. (പൊങ്ങച്ചം കാണിക്കാൻ വേണ്ടി മാത്രം) നിങ്ങൾ മനസ്സിലാക്കണം, അതായത് നിങ്ങൾ സ്വയം വിഡ്ഢികളാവുകയാണ്. അതുപോലെ നിങ്ങൾ പ്രദർശിപ്പിക്കുന്നവയിൽ അന്ധമായി വിശ്വസിക്കുന്ന ആളുകളെയും വിഡ്ഢികളാക്കുകയാണ്. ഇസ്ലാം പ്രദർശിപ്പിക്കുന്ന, വാഗ്ദത്ത മസീഹ് (അ) കാണിച്ചുതന്ന യഥാർത്ഥ മൂല്യങ്ങളെ പ്രതിനിധീകരിക്കുവാൻ ഇനി നിങ്ങൾക്കാവില്ല. നിങ്ങൾ മനസ്സിലാക്കണം ! സൃഷ്ടാവിനെ ഒരിക്കലും വിഡ്ഢിയാക്കുവാൻ നിങ്ങൾക്കാവില്ല. സൃഷ്ടികളുടെ മുമ്പിൽ നിങ്ങൾ കണക്ക് ബോധിപ്പിക്കേണ്ടി വരില്ല. എന്നാൽ അല്ലാഹുവിന്റെ മുമ്പിൽ, സൃഷ്ടാവിന്റെ മുമ്പിൽ കണക്ക് ബോധിപ്പിക്കേണ്ടി വരും. നാണക്കേ

ടാണ്! വെബ്സൈറ്റിലൂടെ അവരുടെ ചെയ്തികളെല്ലാം പ്രദർശിപ്പിക്കപ്പെട്ടാൽ അഥവാ ഈ വിഷയത്തെപ്പറ്റി ദീർഘമായി നാം സംസാരിച്ചാൽ, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ ആളുകളോട് ദേശിയതലത്തിലും അന്തർദേശീയ തലത്തിലും നിങ്ങൾ എത്രക്രൂരമായാണ് പെരുമാറിയതെന്ന് ലോകത്തിന് മനസ്സിലാകും. ആയതിനാൽ അവർ അവരുടെ വായ്കൊണ്ട് പറയുന്നു, അവർ വാഗ്ദത്ത മസീഹിന്റെ മൂല്യങ്ങളുടെ പ്രതിനിധികളാണെന്ന്, എന്നാൽ യഥാർത്ഥത്തിൽ സ്ഥിതി അങ്ങനെയല്ല. അവരുടെ മോട്ടോ / ഫലകം അവർ മാറ്റേണ്ടതുണ്ട്. അവരുടെ മോട്ടോ / ഫലകം ഇങ്ങനെ മാറ്റിയെഴുതേണ്ടതാണ്.''എല്ലാവരോടും വെറുപ്പ്, ആരോടും സ്നേഹമില്ല'' സ്നേഹത്തിന് പകരം, അവർ ശത്രുത പ്രദർശിപ്പിക്കുന്നു. അവരുടെ അകവും പുറവും സംസ്ക്കരിക്കുവാനാണ് അല്ലാഹു ഉദ്ദേശിച്ചത്. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനോട് അവർ ശത്രുത വച്ച് പുലർത്തുന്നു. വാഗ്ദത്ത മസീഹ് (അ) ന്റെ യഥാർത്ഥ ജമാഅത്തായിട്ടാണ് അത് വന്നിട്ടുള്ളത്. നിങ്ങൾ മനസ്സിലാക്കണം ജമാഅത്തുസ്സഹീഹിൽ ഇസ്ലാം, ഇസ്ലാമിന്റെ അദ്ധ്യാപനങ്ങൾക്ക് പുറത്തല്ല; കഴിഞ്ഞ നൂറ്റാണ്ടിൽ ആഗതരായ മസീഹ് മൗഊദ് (അ) ന്റെ അനുചര വൃന്ദത്തിന് പുറത്തുമല്ല, മറിച്ച് ജമാഅത്തു അഹ്മദിയായുടെ അടിസ്ഥാന ശിലയെ ശക്തിപ്പെടുത്തുവാൻ വന്നതാണ്. ലോകത്തെ ഇസ്ലാമിലേക്ക് നയിക്കുവാൻ. എന്നാൽ അല്ലാഹു (ത) അവന്റെ വാഗ്ദാനം പാലിച്ചു. ജമാഅത്തു അഹ്മദിയ്യാ, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ വേഷത്തിൽ, അല്ലാഹുവിന്റെ ശക്തമായ സഹായത്തോടെ, ഈ ആത്മീയ വിപ്ലവം കൊണ്ടുവരുന്നതാണ്. ഇൻശാ അല്ലാഹ്!

ഇക്കാലത്തെ അഹ്മദികൾ വിശിഷ്യാ തലപ്പത്തുള്ളവർ, അവർ അവരുടെ പ്രതിച്ഛായക്കനുസൃതമായി അഹ്മദിയാ ജമാഅത്തിനെ രൂപപ്പെടുത്തുകയാണ്. ചതിയും വഞ്ചനയും ഇസ്ലാമിക വിരുദ്ധ പ്രവർത്തനങ്ങളും ! അവർക്ക് മുമ്പുണ്ടായിരുന്ന മഹത്തായ ധാർമ്മിക മൂല്യങ്ങളെല്ലാം നഷ്ടപ്പെട്ടിരിക്കുന്നു. (വാഗ്ദത്ത മസീഹ് (അ) ന്റെ കാലത്തും തുടർന്നു വന്ന ആത്മീയ വിപ്ലവ പുരോഗമന സമയത്തും, ഇന്നിപ്പോൾ ഈ നേതാക്കൻമാർ സ്നേഹത്തിന് പകരം ശത്രുത, പാരുഷ്യം, പൊങ്ങച്ചം പറയൽ, കുടുംബ മഹത്വം പുലമ്പൽ, പാവപ്പെട്ട കുടുംബാംഗങ്ങളിൽ ഭയം ജനിപ്പിക്കൽ, ചതിയോട് ഇണങ്ങിപോകൽ തുടങ്ങിയവയിൽ ലയിച്ചിരിക്കുകയാണ്.

വിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) പറഞ്ഞു. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വാസമുള്ളവർ, അവർ നിശ്ചയമായും അവരുടെ അതിഥികളെ ആദരിച്ചുകൊള്ളേണ്ടതാണ്. നിശ്ചയമായും ഇത് അസാധാരണമായ ഒരു വിഷയമാണ്. നിങ്ങൾ വിചാരിക്കുന്നുണ്ടാവും അതിഥികളെ സ്വീകരിക്കുക എന്നത് സാധാരണയുള്ള ഒരു കാര്യം മാത്രമാണെന്ന് ! എന്നാൽ എന്തുകൊണ്ടാണ് ഹസ്രത് മുഹമ്മദ് (സ) അതിഥി സ്വീകരണത്തിന് ഇത്ര വലിയ ഊന്നൽ നൽകിയത് ? നിങ്ങൾ വിചാരിക്കുന്നുണ്ടാകും നിങ്ങൾ ഇഷ്ടപ്പെടുന്നവരെ നിങ്ങൾ സ്വമേധയാ ആദരവോടെ സ്വീകരിക്കുന്നുണ്ടാകും ! എന്നാൽ നിങ്ങൾ ഇഷ്ടപ്പെടാത്തവരോട് നിങ്ങളിത് ചെയ്യുന്നതുമില്ല. ഇക്കാരണത്താൽ, നിങ്ങൾക്ക് കരുതാം അതിഥിസ്വീകരണം എന്നത് സാധാരണ, നിസ്സാരമായ, പ്രകൃതിപരമായ ഒരു കാര്യമാണെന്ന്. എന്നാൽ ഹസ്രത് മുഹമ്മദ് (സ) പറഞ്ഞു തന്ന ആതിഥ്യ മര്യാദ ഒരു സാധാരണ ആതിഥ്യ മര്യാദയല്ല. ഈ ആതിഥ്യ മര്യാദയ്ക്ക് താഴെപ്പറയുന്ന ഖുർആൻ വചനങ്ങളുമായി അഗാധമായ ബന്ധമുണ്ട്. അല്ലാഹു (ത) പറഞ്ഞു. ''അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി അവർ അഗതികൾക്കും, അനാഥർക്കും ബന്ധനസ്ഥർക്കും ആഹാരം നൽകുന്നു. അവർ അവരോട് പറയും, അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടിമാത്രമാണ് ഞങ്ങൾ നിങ്ങൾക്ക് ആഹാരം നൽകുന്നത്. നിങ്ങളിൽ നിന്ന് എന്തെങ്കിലും പ്രതിഫലമോ കൃതജ്ഞതയോ ഞങ്ങൾ ഉദ്ദേശിക്കുന്നില്ല.'' (78:9,10)

അതുകൊണ്ട്, അല്ലാഹുവിന്റെ തൃപ്തിക്കായി, ദൈനംദിന ജീവിതത്തിൽ അനേകം പ്രശ്നങ്ങളെ നിങ്ങൾ അഭിമുഖീകരിക്കുന്നുവെങ്കിലും, നിങ്ങളുടെ ഭവനങ്ങളിലുൾപ്പടെ, നിങ്ങളുടെ അതിഥികളെ നിങ്ങൾ ബഹുമാനിക്കുക. അതോടൊപ്പം പാപങ്ങളെയും അനാഥരെയും ബന്ധനസ്ഥരെയും ! വിശുദ്ധ ഖുർ ആൻ ഈ വിഷയങ്ങളെല്ലാം ഭദ്രമായി സൂക്ഷിച്ചു വച്ചിട്ടുണ്ട് (ഇവയുടെയെല്ലാം വാതിലുകൾ അവയുടെ അർത്ഥസഹിതം തുറന്നു വച്ചിരിക്കുന്നു) ഇതിന്റെ അർത്ഥം, ഒരു വലിയ വ്യക്തിത്വത്തിന്റെ ഉടമ അഥവാ നിങ്ങൾക്ക് തുല്യനായ വ്യക്തി നിങ്ങളുടെ അടുത്തു വരുന്നു. അഥവാ വീട് സന്ദർശിക്കുന്നു. അപ്പോൾ നിങ്ങൾ അദ്ദേഹത്തോട് നല്ല നിലയിൽ പെരുമാറുന്നു (നല്ല നിലയിൽ സ്വാഗതം ചെയ്യുകയും സ്വീകരിക്കുകയും ചെയ്യുന്നു) ഈ വചനത്തിന്റെ വിഷയം ഇതല്ല. ഈ വചനം സാധുക്കളുടെ, അനാഥരുടെ, ബന്ധനസ്ഥരുടെ കാര്യം

പറഞ്ഞുകൊണ്ടാണ് ആരംഭിക്കുന്നത്. ആയതിനാൽ ഈ മഹത്തായ അവസ്ഥ കരസ്ഥമാക്കുന്നതിന് അല്ലാഹുവിന്റെ സ്നേഹം അന്വേഷിക്കുന്നവർക്ക്, ഇതിലൂടെ അത് ലഭ്യമാകും. നിങ്ങൾ സാധുക്കളിൽ ഇതാരംഭിക്കുക, ആവശ്യക്കാരിൽ ഇതാരംഭിക്കുക, മറ്റുള്ളവരെ കാണിക്കാനായിരിക്കരുത്, മറിച്ച് അല്ലാഹുവിന്റെ സ്നേഹം കാംഷിച്ചു മാത്രം !

തടവുകാരെ സംബന്ധിച്ചിടത്തോളം അവർക്ക് നിങ്ങളുടെ അടുത്തേക്ക് വരാൻ കഴിയുകയില്ല. എന്നാൽ നിങ്ങൾക്ക് അവരുടെ അടുത്തേക്ക് പോകുവാൻ കഴിയും. നിങ്ങൾക്ക് അവരെ സന്ദർശിക്കുവാൻ കഴിയും. നിങ്ങൾക്കവർക്കായി അൽപം ആഹാരം കൊടുക്കുവാൻ കഴിയും, മറ്റ് എന്തെങ്കിലും സമ്മാനം കൊടുക്കുവാനും കഴിയും. നിങ്ങൾ ഇത് ചെയ്യുന്നത് അല്ലാഹുവിന്റെ തൃപ്തി നേടുന്നതിനുവേണ്ടി മാത്രമായിരിക്കണം. അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള ഒരു പ്രവർത്തിയാണിത്. എന്നിട്ട് നിങ്ങൾ അവരോട് പറയുക ഞങ്ങൾ ഇത് ചെയ്യുന്നത് ദൈവപ്രീതിക്കുവേണ്ടി മാത്രമാണെന്ന് ! ചിലപ്പോൾ ജയിലിൽ അവർക്ക് നല്ല ആഹാരം കിട്ടിക്കൊള്ളണമെന്നില്ല. അങ്ങനെ നിങ്ങളിത് ദൈവ പ്രീതിക്കായി മാത്രം ചെയ്യുന്നു.

എന്റെ ഓർമ്മകൾ റോഡ്ഗ്രിസിൽ നടന്ന ഒരു വാർഷിക സമ്മേളനത്തിലേക്ക് പോകുന്നു. (നിസ്സാമെ ജമാഅത്തിൽ നിന്നും പുറത്താക്കുന്നതിനു മുമ്പ്) അവിടുത്തെ പോലീസ് കമ്മീഷണറോടും, ജയിൽ വാർഡനോടും ബന്ധനസ്ഥരെ ജയിലിൽ സന്ദർശിക്കുവാനുള്ള അനുവാദം തേടുകയുണ്ടായി. നല്ല ആഹാരം ഞങ്ങൾ അവർക്കായി തയ്യാർ ചെയ്തു - ബിരിയാണി- ജയിൽ അന്തേവാസികൾക്കും, ജയിൽ ജീവനക്കാർക്കും, അതേ ദിവസം തന്നെ ഐലന്റിൽ ഉടനീളം ആശുപത്രികളിലും, വിതരണം ചെയ്യുകയുണ്ടായി. ഈ സംഭവം ദ്വീപിൽ വളരെവലിയ സ്വാധീനം ഉണ്ടാക്കുകയും വാർത്താ മാധ്യമങ്ങൾ ഇതു സംബന്ധമായി എഴുതുകയുമുണ്ടായി. യഥാർത്ഥത്തിൽ ഇത് പരസ്യപ്പെടുത്തുക എന്നത് ഞങ്ങളുടെ ഉദ്ദേശ്യമല്ലായിരുന്നു. എന്നാൽ ഞങ്ങൾ ഇത് ചെയ്തത് അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി മാത്രമായിരുന്നു. ആതിഥ്യമര്യാദ എന്നതുകൊണ്ട് വിവക്ഷിക്കുന്നതിതാണ്; ഇതും ആ ദൈവീക വചനത്തിൽ ഉൾക്കൊണ്ടിരിക്കുന്നു. എല്ലാ ആളുകളെയും നിങ്ങളുടെ അതിഥികളായി കരുതണം. അവരോട് നല്ല നിലയിൽ വർത്തിക്കേണ്ടത് നിങ്ങളുടെ കടമയാണ്. അങ്ങനെ നിങ്ങൾ ഒരു അനാഥനെ സംരക്ഷിച്ചാൽ, അവന് വേണ്ട എല്ലാ അവശ്യ കാര്യങ്ങളും നിർവ്വഹിച്ചാൽ, അവന് നഷ്ടമായ മാതാപിതാക്കളുടെ സ്നേഹം അവൻ ഇതിലൂടെ കണ്ടെത്തുന്നു. അവന്റെ ജീവിതത്തിൽ നഷ്ടമായ ഈ പ്രയാസകരമായ നഷ്ടം മറികടക്കുക എന്നത് പ്രയാസകരം തന്നെ! എന്നാൽ നിങ്ങൾ അവന് നല്ല സംരക്ഷണം നൽകേണ്ടതുണ്ട്. ഒരു അനാഥനെ മാത്രമല്ല അനേകം അനാഥർക്ക് ! അവർക്ക് നിങ്ങൾ ആവശ്യമായ സ്നേഹം നൽകുക, യഥാർത്ഥ രക്ഷകർത്താക്കളെപ്പോലെ, അവർക്ക് വേണ്ട നല്ല സംരക്ഷണം നൽകുക. ആയതിനാൽ ഇത്തരം പ്രവർത്തികൾ, തീർച്ചയായും മഹത്തായ ധാർമ്മികതയാണ്. ഇത് നിങ്ങളിൽ വളർത്തേണ്ടതാണ്; ഈ അനാഥരുടെ നേരെ നിങ്ങളുടെ പ്രവർത്തനങ്ങളിലൂടെ വെളിപ്പെടേണ്ടതുമാണ്!

മൗറീഷ്യസ് ഗവൺമെന്റ് ഇത്തരം ഒരവസരം എനിക്ക് നൽകിയാൽ അത് എന്നോടുള്ള ഒരു ബഹുമതിയായി കണക്കാക്കുന്നു. ഇൻശാ അല്ലാഹ്. ദ്വീപിലെയും മറ്റു രാജ്യങ്ങളിലെയും അനാഥരെ സംരക്ഷിക്കുക എന്നത് ഞാൻ വളരെക്കാലമായി ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന കാര്യമാണ്. കാരണം ഈ അനാഥർ വളരെയധികം ക്ലേശങ്ങൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇൻശാ അല്ലാഹ്. എന്റെ അന്താരാഷ്ട്ര ജമാഅത്തിനും എനിക്കും സാധുക്കളെ സഹായിക്കുവാനുള്ള തൗഫീഖ് നൽകട്ടെ! അവരുടെ സംരക്ഷണം ഞങ്ങൾ ഏറ്റെടുക്കേണ്ടതായിട്ടുണ്ട്, ഞങ്ങൾ അത് ചെയ്യും, അവരുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റുന്നതാണ്. അവരെ ഞങ്ങൾ ആത്മീയമായും വഴികാണിക്കുന്നതാണ്. ഇൻശാ അല്ലാഹ്! അങ്ങനെ ഈ സാധുക്കൾ പരലോകത്തും ധനവാന്മാരായി തീരുന്നതാണ്. അതുകൊണ്ട് സാധാരണമായ, നിസ്സാരമായ, സാധുക്കളായ അതിഥികൾ നിങ്ങളുടെ അടുത്ത് അതിഥികളായി എത്തുമ്പോൾ അതിൽ നിങ്ങൾക്കൊരു പരീക്ഷണമുണ്ട്. (അല്ലാഹു നിങ്ങളെ പരീക്ഷിക്കുകയാണ്) നിങ്ങളുടെ ധാർമ്മികതയും ഏറ്റവും നല്ല രീതികളും പരീക്ഷിക്കുകയാണ്.

നിങ്ങൾ ഒരു സാധുവിനെ നിസ്സാരനായി കണ്ടാൽ, അവനോട് പരുഷമായി പെരുമാറിയാൽ, സംസാരിച്ചാൽ, അവനെപ്പറ്റി മറ്റൊരാളോട് പരസ്യപ്പെടുത്തിയാൽ ഇന്ന ഇന്ന ആൾ വന്നിട്ടുണ്ട്. എന്തെങ്കിലും s I nSp¯ p h rSpl . ഈ യാചകൻ (സാധു മനുഷ്യൻ) നിങ്ങൾക്കൊരു ഭാരം പോലെ ! ഈ മോശമായ രീതി,

പെരുമാറ്റം പാപമാണ്. ആ സമയം, അവന് എന്തൊക്കെ നൽകിയോ അതൊന്നും ആതിഥ്യ മര്യാദയുടെ പേരിൽ മഹത്തായ പ്രവർത്തിയായി രേഖപ്പെടുത്തുന്നതല്ല. അവ നിങ്ങളുടെ പേരിലുള്ള പാപമായി രേഖപ്പെടുത്തുന്നതാണ്. ആതിഥ്യ മര്യാദയെപ്പറ്റി മുഹമ്മദ് (സ) ഓർമ്മപ്പെടുത്തിയത് മഹത്തായ കാര്യമാണ്. ഇതിന് ഒരു മനുഷ്യൻ മറ്റൊരു മനുഷ്യനു മായുള്ള ബന്ധവുമായി യാതൊരു ബന്ധവുമില്ല. ഇല്ലതന്നെ. ഇത് ഒരു മനുഷ്യനും അല്ലാഹുവിന്റെ ദാസന്മാർക്കുമിടയിലുള്ള ബന്ധത്തെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്. എവിടെ അല്ലാഹുവിന് ബന്ധങ്ങൾ ഉണ്ടോ അവിടെ നിങ്ങൾ ബന്ധങ്ങൾ അവരുമായി സ്ഥാപിക്കുക. (അല്ലാഹുവിന്റെ തൃപ്തിക്കായി ഈ ആളുകളുമായി ബന്ധങ്ങൾ സ്ഥാപിക്കുക) ഈ വചനം നിങ്ങൾ പ്രവർത്തി പഥത്തിൽ കൊണ്ടുവരേണ്ടത് അങ്ങനെയാണ്. ആയതിനാൽ മുഹമ്മദ് (സ) യുടെ ഉപദേശത്തെക്കുറിച്ച് ചിന്തിക്കുക. എങ്ങനെയാണ് അദ്ദേഹം ജനങ്ങളുടെ സ്വഭാവത്തെയും ധാർമ്മികതയെയും സംസ്ക്കരിച്ചതെന്ന് ! ചുരുക്കത്തിൽ ഈ അതിമഹത്തായ ധാർമ്മികതയിലൂടെ... ലോകം സൃഷ്ടിച്ച കാലം മുതൽ, പ്രപഞ്ചം ദർശിച്ച എല്ലാ പ്രവാചകന്മാരും കൊണ്ടു വന്ന ജനസംസ്ക്കരണ ഉപദേശങ്ങളെക്കാളും കൂടുതൽ, മുഹമ്മദ് (സ) തന്റെ സമുദായത്തിന്, സാർവ്വദേശീയ സമുദായത്തിന് നൽകിയിട്ടുണ്ട്.

അതുകൊണ്ട് നാം, ജമാഅത്തുസ്സഹീഹിൽ ഇസ്ലാം ദൈവീക ദൃഷ്ടാന്തത്തിലൂടെ മുഹമ്മദ് (സ) യുടെ ഉപദേശങ്ങളെ പുനസ്ഥാപിച്ച് പ്രയോജനം നേടുകയാണ്. അതുകൊണ്ട് ജമാഅത്തുസ്സഹീഹിൽ ഇസ്ലാം സംഘടന മറ്റെല്ലാ സംഘങ്ങൾക്കും ശിക്ഷണം നൽകുന്ന കാര്യത്തിൽ, പ്രവർത്തനോന്മുഖരായിരിക്കണം. അല്ലാഹുവിന്റെ ഖലീഫയുടെ ശബ്ദം കേൾക്കുന്നവരെല്ലാം, നിങ്ങൾ നിങ്ങളുടെ ധാർമ്മികത നേരെയാക്കുവാൻ ശ്രമിക്കേണ്ടതാണ്, നിങ്ങളുടെ ഭാര്യമാരുടെ ധാർമ്മികത നേരെയാക്കുവാൻ ശ്രമിക്കേണ്ടതാണ്, നിങ്ങളുടെ സഹോദരീ സഹോദരന്മാരുടെയും നിങ്ങളുടെ സന്താനങ്ങളുടെയും ധാർമ്മികത നേരെയാക്കുവാൻ ശ്രമിക്കേണ്ടതാണ്. നിങ്ങളുടെ അയൽവാസികളെയും നന്നാക്കിതീർക്കാൻ ശ്രമിക്കേണ്ടതാണ്. സമയപരിമിതി മൂലം ഈ പ്രസംഗം ഇപ്പോൾ ഇവിടെ നിർത്തുന്നു. തീർച്ചയായും ഇതൊരു വലിയ വിഷയം തന്നെയാണ്. അംഗങ്ങൾക്ക് ജോലിക്ക് മടങ്ങിപോകേണ്ടതുണ്ട്, അതുകൊണ്ട്, ഇൻശാ അല്ലാഹ് 5-ാം ഭാഗം തുടരുന്നതാണ്. അത് തുടരുവാനുള്ള തൗഫീഖ് അല്ലാഹു (ത) എനിക്ക് നൽകുമാറാകട്ടെ. ആമീൻ.


**<u>Translated & Issued By</u>**

**R. Jamaludin Raother**

**Amir**

Jamaat-Ul-Sahih-Al-Islam, Kerala South zone

*Ph: 9447001832 / 0475 2220223 / 8547299180*

*email : jamal.raother@gmail.com*

*www.jamaat-Ul-Sahih-Al-Islam.com*


*****************